സർവ്വേ സൂപ്രണ്ട് എന്നിവർ സമർപ്പിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലും എസ്റ്റിമേറ്റ് ക്ലാസിഫിക്കേഷൻ എന്നിവ സംബന്ധിച്ച മേഖലാ ജോയിന്റ് ഡയറക്ടറുടെ മേൽ പരിശോധനയുടേയും അടിസ്ഥാനത്തിൽ വനംവകുപ്പ് കാര്യാലയത്തിൽ നടപടി പൂർത്തിയാക്കി ചെയിൻമാൻമാരുടെ വേതനം വിതരണം ചെയ്യുന്നു.

(ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. മേൽ വിവരിച്ച ക്രമം നടപടി പൂർത്തിയായ കേസുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ലഭ്യതയ്ക്കനുസരിച്ചാണ് വേതനം വിതരണം ചെയ്യുന്നത്. ഈ വർഷം അലോട്ട്മെന്റ് ലഭിച്ച 5 ലക്ഷത്തിൽ നിന്നും എൽ.ഡി. ക്ലാർക്കിനെപ്പെട്ട 3 വകുപ്പ് ഗ്രൂപ്പുള്ള ചെയിൻമാൻ വേതനം പാസ്സാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വേയർമാരുടെ സ്ഥലം മാറ്റം

210 (1293) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിലെ സർവ്വേയർമാരുടെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒരു ജില്ലയിൽ എത്ര വർഷം സേവനം പൂർത്തിയാക്കിയവരെയാണ് മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത കാലാവധി പൂർത്തിയാക്കിയ എത്ര പേർ ഇടുക്കി ജില്ലയിൽ നിന്നും സ്ഥലം മാറ്റത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് അപേക്ഷ നൽകിയിരുന്നു; അവരിൽ എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്ഥലം മാറ്റ മാനദണ്ഡപ്രകാരമുള്ള കാലാവധി പൂർത്തിയാക്കാത്ത എത്ര പേർക്ക് ഇടുക്കി ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2012 വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിനായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

---

* ശ്രീ ഇ്രുയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുവിൽ ഒരു ജില്ലയിൽ 3 വർഷം പൂർത്തിയായവരെയാണ് സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്.

(സി) ഇടുക്കി ജില്ലയിൽനിന്ന് അപേക്ഷ ലഭിച്ചവരിൽനിന്നും മേൽ ഉത്തരവിന്റെ വ്യവസ്ഥകൾ പ്രകാരം അർഹരായ 34 പേർക്ക് 2015-ൽ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

(ഡി) സ്ഥലംമാറ്റ മാനദണ്ഡപ്രകാരം അർഹരായവർക്കാണ് മാറ്റം നൽകിയിട്ടുള്ളത്.

സർവ്വേ അദാലത്ത്

211 (1294) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) എന്തെല്ലാം ഉദ്ദ്യേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) റവന്യൂ സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ രജിസ്റ്റർ ചെയ്തതുമായ പരാതികൾ സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് തികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly